**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5576** **08-07-2024 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. അഡ്വൈസ് ചെയ്യുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിൽ നിന്നും പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിൽ ദീർഘമായ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിയമന നടപടികളിൽ ഒരു കാലതാമസവും നിലവിലില്ല. ബഹു. കോടതികളിൽ കേസുകളോ മറ്റു സാങ്കേതിക തടസ്സങ്ങളോ ഇല്ലാത്തപക്ഷം, പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് സമയബന്ധിതമായി നിയമന ശിപാർശകൾ നൽകിവരുന്നുണ്ട്. പി.എസ്.സി നിയമനത്തിന്റെ കാര്യത്തിൽ രാജ്യത്ത് മുൻപന്തിയിലാണ് കേരളം. യാതൊരു തരത്തിലുള്ള നിയമന നിരോധനവും സംസ്ഥാനത്തില്ല. |
| (ബി) | എങ്കിൽ ഇത്തരത്തിലുള്ള കാലതാമസം മറ്റൊരു തരത്തിലുള്ള നിയമന നിരോധനമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?; | (ബി) | നിയമന നടപടികളിൽ ഒരു കാലതാമസവും നിലവിലില്ല. ബഹു. കോടതികളിൽ കേസുകളോ മറ്റു സാങ്കേതിക തടസ്സങ്ങളോ ഇല്ലാത്തപക്ഷം, പി.എസ്.സിയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് സമയബന്ധിതമായി നിയമന ശിപാർശകൾ നൽകിവരുന്നുണ്ട്. പി.എസ്.സി നിയമനത്തിന്റെ കാര്യത്തിൽ രാജ്യത്ത് മുൻപന്തിയിലാണ് കേരളം. യാതൊരു തരത്തിലുള്ള നിയമന നിരോധനവും സംസ്ഥാനത്തില്ല. |
| (സി) | ജില്ലാ പി.എസ്.സി. ഓഫീസുകളിൽ നിന്നുള്ള അഡ്വൈസ് മെമ്മോകൾ റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നുള്ള ഇൻസ്പെക്ഷന് ശേഷം മാത്രമേ ഉദ്യോഗാർഥികൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും അയക്കാൻ പാടുള്ളൂയെന്ന നിബന്ധന കാരണം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും ഉദ്യോഗാർത്ഥികൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് ദീർഘമായ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ആസ്ഥാന ഓഫീസിലെ പരിശോധനാ വിഭാഗം ഓരോ ജില്ലാ ഓഫീസുകളിലും പരിശോധന നടത്തുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കാണ് ജില്ലാ ഓഫീസുകളിലെ നിയമന ശിപാർശ പരിശോധന കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലാ ഓഫീസുകൾക്കുമായി വിഭജിച്ച് നൽകിയിട്ടുള്ളത്. നിലവിലെ സംവിധാനത്തിൽ കാലതാമസം ഉണ്ടാകുന്നില്ല. കുറ്റമറ്റ നിലയിൽ നിയമനം ഉറപ്പാക്കാനാണ് ചട്ടപ്രകാരമുള്ള ഈ നടപടി. |
| (ഡി) | ഇത്തരത്തിൽ കാലതാമസം വരുത്തുന്ന പ്രസ്തുത നടപടിക്രമം ഒഴിവാക്കാമോ; അല്ലെങ്കിൽ | (ഡി) | ആസ്ഥാന ഓഫീസിലെ പരിശോധനാ വിഭാഗം ഓരോ ജില്ലാ ഓഫീസുകളിലും പരിശോധന |

| | | | |
|---|---|---|---|
| | കാലതാമസം പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | | നടത്തുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കാണ് ജില്ലാ ഓഫീസുകളിലെ നിയമന ശിപാർശ പരിശോധന കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന് മേഖലാ ഓഫീസുകൾക്കുമായി വിഭജിച്ച് നൽകിയിട്ടുള്ളത്. നിലവിലെ സംവിധാനത്തിൽ കാലതാമസം ഉണ്ടാകുന്നില്ല. കുറ്റമറ്റ നിലയിൽ നിയമനം ഉറപ്പാക്കാനാണ് ചട്ടപ്രകാരമുള്ള ഈ നടപടി. |
| (ഇ) | റീജിയണൽ പി.എസ്.സി. ഓഫീസുകളിൽ നിന്നും ജില്ലാ പി.എസ്.സി. ഓഫീസുകളിൽ ആഴ്ചയിൽ ഒരിക്കലെങ്കിലും ഇൻസ്പെക്ഷൻ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ? | (ഇ) | അടിയന്തര ഘട്ടങ്ങളിൽ ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ